(7) സർവ്വകലാശാലകളിലെ പ്രൈവറ്റ് രജിസ്ട്രേഷനെക്കുറിച്ചും അപ്രകാരം രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ പ്രശ്നങ്ങളെ കുറിച്ചും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് റവന്യൂബോർഡ് മെമ്പർ ശ്രീ. സക്കറിയാ മാത്യുവിനെ ഒരു ഏകാംഗകമ്മീഷനായി നിയമിച്ചു. രണ്ടു മാസത്തിനകം കമ്മീഷന്റെ റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(8) കേരളാ-കോഴിക്കോട് സർവ്വകലാശാലാധികൃതരോട് പ്രൈവറ്റ് രജിസ്ട്രേഷനുള്ള ഫീസ് ഏകീകരിക്കണമെന്ന കാര്യം പ്രസ്തുത യൂണിവേഴ്സിറ്റികളുടെ പരിഗണനക്ക് കൊടുത്തിട്ടുണ്ട്.

(9) ഹൈസ്ക്കൂൾ സിലബസ് പരിഷ്കരണ കമ്മിറ്റിയിൽ ഒരു വിദ്യാർത്ഥി പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടികളെടുത്തുവരുന്നു.

(10) അടുത്തവർഷം കൂടുതൽ കോളേജുകളിൽ ഷിഫ്റ്റ് ഏർപ്പെടുത്താൻ കഴിയുമോ എന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഗവൺമെന്റിന്റെ വർദ്ധിച്ചുവരുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യാൻ സാധിക്കുന്ന കാര്യങ്ങൾ എല്ലാം ചെയ്തിട്ടുണ്ട്. ബാക്കി ഡിമാൻറുകൾ സാമ്പത്തിക പരാധീനതമൂലം അനുവദിക്കാൻ നിർവാഹമില്ല.

കണത്താർകുന്നം എൽ. പി. സ്കൂളിന് പുതിയ കെട്ടിടം

120 [164] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര ഡി. ഇ. ഒ. യുടെ പരിധിയിലുള്ള കണത്താർകുന്നം എൽ. പി. എസ്സിന് ഒരു കെട്ടിടം കൂടി നിർമ്മിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള നിവേദനം ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡി. ഇ. ഒ. യുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

പുതിയതായി ആരംഭിക്കുന്ന വിദ്യാഭ്യാസ ജില്ലകൾ

121 [168] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി എത്ര വിദ്യാഭ്യാസ ജില്ലകളാണ് ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്;

(ബി) അവ എവിടെയെല്ലാം;

(സി) വൈക്കം കേന്ദ്രമാക്കി ഒരു പുതിയ വിദ്യാഭ്യാസ ജില്ല രൂപീകരിക്കുവാൻ അപേക്ഷകൾ വല്ലതും കിട്ടിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി) പുതിയതായി വിദ്യാഭ്യാസ ജില്ലകൾ ആരംഭിക്കുവാൻ ഗവൺമെൻറിന് ഇപ്പോൾ ഉദ്ദേശമില്ല.

(സി) ഉണ്ട്.

(ഡി) വൈക്കം കേന്ദ്രമാക്കി ഒരു പുതിയ വിദ്യാഭ്യാസ ജില്ല രൂപീകരിക്കുവാൻ ഗവൺമെൻറിന് ഇപ്പോൾ ഉദ്ദേശമില്ല.

പെൻഷൻ ലഭിക്കാത്ത അദ്ധ്യാപകർ

122 [169] ശ്രീ. കെ. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) പെൻഷൻപറ്റി സർവീസിൽനിന്നും പിരിഞ്ഞിട്ട് ഒരു വർഷം കഴിഞ്ഞിട്ടും പെൻഷൻ അനുവദിച്ചിട്ടില്ലാത്ത എത്ര അദ്ധ്യാപകർ സംസ്ഥാനത്തുണ്ട്;

(ബി) സർവീസിൽനിന്നും പിരിഞ്ഞ് 17 മാസം കഴിഞ്ഞിട്ടും ഇന്നും നാറാണംമൂഴി സെൻറ് ജോസഫ്സ് ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന ശ്രീ. എം. എം. ജോസഫിന് എന്തുകൊണ്ടാണ് ഇതുവരെയും പെൻഷൻ അനുവദിക്കാതിരുന്നത്;

(സി) അദ്ദേഹത്തിന് പെൻഷൻ അനുവദിക്കുവാൻ നിർദ്ദേശം കൊടുക്കുമോ?

ഉത്തരം

(എ) ഉദ്ദേശം പത്ത് അദ്ധ്യാപകരുണ്ട്.

(ബി) ശ്രീ. എം. എം. ജോസഫിന് പെൻഷൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ സ്പെഷ്യൽ ഫീസ് ചെലവുചെയ്തതിൽ വന്ന ക്രമക്കേടുകളും മൂലമുണ്ടായ ഓഡിറ്റ് തടസ്സങ്ങളാലും ഓഡിറ്റിൻപ്രകാരം പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ കണക്കാക്കിയ ബാദ്ധ്യതത്തുക ശ്രീ. ജോസഫ് അടയ്ക്കുകയോ, പെൻഷനിൽനിന്ന് പിടിക്കുന്നതിന് സമ്മതം നൽകുകയോ ചെയ്യാത്തതിനാലുമാണ് ശ്രീ. ജോസഫിൻെറ പെൻഷൻ ലഭിക്കുവാൻ കാലതാമസം വന്നത്.

(സി) അദ്ദേഹത്തിനു പെൻഷൻ നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പുതിയ പോലീസ് സ്റ്റേഷനുകൾ

123 [172] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം എത്ര പുതിയ പോലീസ് സ്റ്റേഷനുകൾ തുറന്നിട്ടുണ്ട്; എവിടെയെല്ലാം;

(ബി) പോലീസ് ഉദ്യോഗസ്ഥൻമാർക്ക് താമസ സൗകര്യമില്ലാത്ത ഹൈറേഞ്ച് പ്രദേശത്ത് പുതിയ പാർപ്പിടങ്ങൾ പണിയുവാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly